LIBRARY ARCHIVES Kerala Legislative Assembly

കല്ല്യാശ്ശേരി മണ്ഡലത്തിലെ ജൽജീവൻ മിഷൻ പദ്ധതി

281(1027) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ല്യാശ്ശേരി മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന ജൽജീവൻ മിഷൻ പദ്ധതിയുടെ നിർമ്മാണ പുരോഗതി അറിയിക്കാമോ?

ജൽജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി കല്യാശ്ശേരി മണ്ഡലത്തിൽ 30-9-2021 വരെ ആകെ 22832 ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ട്. നിലവിൽ നടപ്പിലാക്കി വരുന്ന ജൽജീവൻ മിഷൻ പദ്ധതിയുടെ പുരോഗതി അനുബന്ധമായി ചേർക്കുന്നു*.

(ബി) ജൽജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി തകർന്ന് കിടക്കുന്ന ഗ്രാമീണ റോഡുകൾ പുനരുദ്ധരിക്കുന്നതിന് ഫണ്ട് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

ജൽജീവൻ മിഷൻ പദ്ധതി ഗ്രാമീണ മേഖലയിലെ വീടുകൾക്ക് ഗാർഹിക കുടിവെള്ള കണക്ഷനുകൾ നല്കുന്നതിലേക്കായി നടപ്പിലാക്കുന്ന പദ്ധതിയാണ്. ജൽജീവൻ മിഷൻ പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾ നിർവ്വഹിക്കുന്നതിലേക്കായി മുറിക്കേണ്ടി വരുന്ന റോഡുകൾ താത്കാലികമായി പുനഃസ്ഥാപിക്കുന്നതിന് പ്രവൃത്തിയുടെ അംഗീകൃത ഷെഡ്യൂളിൽ വ്യവസ്ഥ ഉൾക്കൊള്ളിച്ചിട്ടുണ്ട്. റോഡുകളുടെ പൂർണ്ണമായ പുനഃസ്ഥാപനം തദ്ദേശ സ്ഥാപനങ്ങളുടെ ചുമതലയാണ്.

പാലാ മണ്ഡലത്തിൽ ഗ്രാമീണ മേഖലയിൽ കുടിവെള്ളം ലഭ്യമാക്കാൻ പദ്ധതി

282(1028) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജൽജീവൻ പദ്ധതിയിൽ ഗ്രാമീണ മേഖലയിൽ കുടിവെള്ളം ലഭ്യമാക്കുന്നതിന് 2021-22 വർഷത്തേയ്ക്ക് പുതിയ പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ?

സംസ്ഥാനത്ത് ജൽജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 2021-22 വർഷത്തിൽ 29,37,564 കുടിവെള്ള കണക്ഷനുകൾ നൽകുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. 2021-22-ൽ ഇതുവരെ 13,99,540 കുടിവെള്ള കണക്ഷനുകൾ നൽകാനുള്ള 11551.23 കോടി രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ 2021-22 വർഷത്തിൽ കെ.ആർ.ഡബ്ല്യു.എസ്.എ മുഖേന നടപ്പിലാക്കിയ കണ്ണൂർ ജില്ലയിലെ ഇരിക്കൂർ ജലനിധി കുടിവെള്ള പദ്ധതിയിൽ നിന്നും അധികമായി 200 പ്രവർത്തനക്ഷമമായ ഗാർഹിക കുടിവെള്ള കണക്ഷനുകൾ (FHTCs) ജൽജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി നൽകുന്നതിനും പുതിയതായി ഭരണാനുമതി നൽകിയിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ പ്രസ്തുത വർഷം പാലാ മണ്ഡലത്തിൽ ഗ്രാമീണ മേഖലയിൽ കുടിവെള്ളം ലഭ്യമാക്കുന്നതിന് എന്തെല്ലാം പദ്ധതികൾക്കാണ് രൂപം കൊടുത്തിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ?

2021-22 വർഷം പാല മണ്ഡലത്തിൽ എലിക്കുളം, കരൂർ പഞ്ചായത്തുകൾക്കായി 12644 കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനായുള്ള 10582 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ കെ.ആർ.ഡബ്ല്യു.എസ്.എ മുഖേന പാല നിയോജക മണ്ഡലത്തിലെ 10 പഞ്ചായത്തുകളിലായി 14598 FHTCs നൽകുന്നതിനുള്ള പദ്ധതി രേഖ തയ്യാറാക്കിയിട്ടുണ്ട്. ഇവയ്ക്ക് അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പഞ്ചായത്ത് തിരിച്ചുള്ള പട്ടിക ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു*.

കുടിവെള്ളത്തിന്റെ ഗുണനിലവാര പരിശോധന

283(1029) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുടിവെള്ള മോഷണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് കുടിവെള്ള മോഷണം നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കുടിവെള്ള മോഷണം, ജലത്തിന്റെ ദുരുപയോഗം, ജലമോഷണം എന്നിവ തടയുന്നതിനായുള്ള റവന്യൂ വാട്ടർ മാനേജ്മെന്റ് & ആന്റി വാട്ടർ തെഫ്റ്റ് സ്ക്വാഡ് കൊച്ചിയിൽ പ്രവർത്തിച്ചുവരുന്നു. മോട്ടോറുകൾ വിതരണ ശൃംഖലയിലേക്ക് നേരിട്ട് ഘടിപ്പിക്കുക, വിതരണ ശൃംഖലയിൽ നിന്നും നേരിട്ട് നടത്തുന്ന ജലമോഷണം, പൊതു ടാപ്പുകളുടെ ദുരുപയോഗം, നിർമ്മാണ പ്രവർത്തനങ്ങൾക്കായി കുടിവെള്ളം ദുരുപയോഗം ചെയ്യുന്നത് എന്നീ പ്രവർത്തികൾ കണ്ടെത്തുകയും വാട്ടർ സപ്ലൈ & സീവറേജ് ആക്ട് 1986 പ്രകാരം ഉചിതമായ നടപടികൾ സ്വീകരിക്കുകയും പിഴ ചുമത്തുകയും ചെയ്ത് വരുന്നു. പൊതു ടാപ്പുകളിലെ ജല ദുരുപയോഗം ശ്രദ്ധയിൽപ്പെടുമ്പോൾ കത്ത് മുഖേനയും ഫോൺ മുഖേനയും പൊതുജനങ്ങളുടെയും ജനപ്രതിനിധികളുടെയും ഭാഗത്തുനിന്നും അറിയിപ്പുകൾ ലഭിക്കുന്നുണ്ട്. മാത്രമല്ല വാട്ടർ അതോറിറ്റിയുടെ മീറ്റർ റീഡർമാർ, ഓവർസിയർമാർ തുടങ്ങിയ ഫീൽഡ് ജീവനക്കാർ നടത്തുന്ന സന്ദർശനം മുഖേനയും ജല ദുരുപയോഗം കണ്ടെത്തി വരുന്നുണ്ട്. ജലമോഷണം, ദുരുപയോഗം എന്നിവ ശിക്ഷാർഹമാണെന്ന സന്ദേശം വിവിധ മാർഗ്ഗങ്ങളിലൂടെ പൊതുജനങ്ങളിൽ എത്തിച്ച് അവബോധം നൽകാറുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.